LIBRARY ARCHIVES Kerala Legislative Assembly

ബി.പി.എൽ. കാർഡുകാർക്ക് ചികിത്സാനുകൂല്യം

237 (4962) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണന റേഷൻകാർഡുകാർക്ക് (ബി.പി.എൽ.) ചികിത്സാനുകൂല്യം നൽകേണ്ടതാണെന്ന ഉത്തരവ് (6-7-2018-ലെ സ.ഉ.നമ്പർ 2171/2018 ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,) നിലനിൽക്കുമ്പോൾ തന്നെ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, ശ്രീചിത്ര തിരുന്നാൾ ഹോസ്പിറ്റൽ തുടങ്ങിയ പ്രധാനപ്പെട്ട ആശുപത്രികളിൽ ബി.പി.എൽ. കാർഡുള്ള രോഗികൾക്ക് ചികിത്സാ ആനുകൂല്യം നിഷേധിക്കുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം പരാതികളിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

&

(സി) ബി.പി.എൽ. കാർഡുടമകൾക്ക് ചികിത്സാനുകൂല്യങ്ങൾ ആശുപത്രി അധികൃതർ നിഷേധിച്ചാൽ പൊതുജനങ്ങൾ ആരെയാണ് സമീപിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

ബി.പി.എൽ. കാർഡുടമകൾക്ക് തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിൽ നിന്നും സർക്കാരിന്റെ വിവിധ ചികിത്സാ പദ്ധതികളിൽ നിഷ്കർഷിച്ച പ്രകാരമുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. എന്നാൽ കുട്ടികൾക്ക് ചികിത്സാ സൗജന്യം നൽകുന്ന ആർ.ബി.എസ്.കെ. പദ്ധതി പൂർണ്ണമായ രീതിയിലും കൂടാതെ KASP, KBF എന്നീ പദ്ധതികൾ പ്രകാരമുള്ള സൗജന്യ ചികിത്സയും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള തിരുവനന്തപുരത്തുള്ള ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി എന്ന സ്ഥാപനം നടപ്പിലാക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഇത് പരിഹരിക്കുന്നതിനായുള്ള നടപടികൾ നാഷണൽ ഹെൽത്ത് അതോറിറ്റിയുമായി ചേർന്ന് ചെയ്തുവരുന്നു.

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ കുറവ്

238 (4963) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ കോവിഡാനന്തര ചികിത്സയ്ക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?